## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.7368 | 14.07.2014-ന്റെ മറുപടിക്ക്

### കെ.എസ്.യു.ഡി.പി പ്രകാരം ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയ്ക്ക് അനുവദിച്ച തുക

**ചോദ്യം**

ശ്രീ. ബി. സത്യൻ

**ഉത്തരം**

ശ്രീ. മഞ്ഞളാംകുഴി അലി

(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
| --- | --- |
| എ) കെ.എസ്.യു.ഡി.പി പ്രകാരം ആറ്റിങ്ങൽ മുനിസിപ്പാലിറ്റിക്ക് 2012 മാർച്ചിന് ശേഷം ഇതുവരെ എന്തു തുക വിവിധ പദ്ധതികൾക്കായി അനുവദിച്ചിട്ടുണ്ട്; ഇനം തിരിച്ച് വ്യക്തമാക്കുമോ; | എ) യു.ഐ.ഡി.എസ്.എസ്.എം.റ്റി യിൻ കീഴിൽ ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയിൽ ഖരമാലിന്യ സംസ്കരണ പദ്ധതിയ്ക്കായി 2012 മാർച്ചിനു ശേഷം 40 ലക്ഷം രൂപ നൽകിയിട്ടുണ്ട്. |
| ബി) കെ.എസ്.യു.ഡി.പി. യിൽ ഉൾപ്പെടുത്തി റോഡ് നവീകരണത്തിന് ആറ്റിങ്ങൽ നഗരസഭ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ? | ബി) ഉണ്ട്. നഗരസഭകളുടെ റോഡ് നവീകരണ പ്രൊജക്ടുകൾ എ.ഡി.ബി. പദ്ധതിയുടെ ഒരു ഉപപദ്ധതിയായ കെ.എൽ.ജി.ഡി.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് പരിഗണിക്കുന്നതിന്റെ ഭാഗമായി ആദ്യഘട്ടമെന്ന നിലയിൽ ആറ്റിങ്ങൽ നഗരസഭയുടെ പ്രൊജക്ട് എ.ഡി.ബി. മുമ്പാകെ സമർപ്പിക്കുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർക്ക് മൂല്യനിർണ്ണയത്തിനായി അയച്ചുകൊടുക്കുകയുണ്ടായി. എന്നാൽ വിശദമായ എസ്റ്റിമേറ്റ്, ഡാറ്റാ, കൺവെയൻസ് സ്റ്റേറ്റ്മന്റ്, റോഡിന്റെ വീതി സംബന്ധിച്ച് സൈറ്റ് പ്ലാൻ എന്നിവയുടെ അഭാവത്തിൽ ആറ്റിങ്ങൽ നഗരസഭയുടെ പ്രൊപ്പോസൽ ചീഫ് എഞ്ചിനീയർ മടക്കുകയുണ്ടായി. അപ്രകാരം നിർദ്ദേശിച്ച പ്രകാരമുള്ള കുറവുകൾ പരിഹരിച്ച് ഒരു വിശദമായ പ്രൊജക്ട് റിപ്പോർട്ട് ആറ്റിങ്ങൽ നഗരസഭ സമർപ്പിക്കുകയുണ്ടായില്ല. കെ.എൽ.ജി.ഡി.എഫ്. പദ്ധതി ഘടകവുമായി ബന്ധപ്പെട്ട വായ്പ 2013 ആഗസ്റ്റിൽ എ.ഡി.ബി. പിൻവലിച്ച് റദ്ദാക്കിയ സാഹചര്യത്തിൽ ഈ വിഷയത്തിൽ തുടർ നടപടി സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല. |

**സെക്ഷൻ ഓഫീസർ**